(ബി) റേറ്റ് കോൺട്രാക്ട് വ്യവസ്ഥകൾ പാലിച്ചുള്ള അപേക്ഷകൾ മാത്രം സ്വീകരിച്ച് മദ്യം വാങ്ങുന്നതിനുള്ള നടപടികൾ ഡയറക്ടർ ബോർഡ് തീരുമാനിച്ചു നടപ്പിലാക്കുന്നു.

(സി) ഉണ്ട്.

(ഡി) മാർഗ്ഗരേഖയുടെ കോപ്പി അനുബന്ധമായി വയ്ക്കുന്നു.* പ്രസ്തുത മാർഗ്ഗരേഖകളനുസരിച്ചാണ് അപേക്ഷകളിന്മേൽ നടപടി സ്വീകരിക്കുന്നത്. എന്നാൽ സർക്കാർ ഉടമസ്ഥതയിലുള്ള ട്രാവൻകൂർ ഷുഗേഴ്സ് ആന്റ് കെമിക്കൽസ് എന്ന സ്ഥാപനത്തിന് ബിഗ് യൂണിറ്റ് എന്ന പരിഗണന വച്ച് ചില ഇളവുകൾ ചെയ്യാറുണ്ട്.

(ഇ) വിതരണം ചെയ്യപ്പെടുന്ന പ്രത്യേകം ബാച്ച് നമ്പർ പ്രകാരമുള്ള മദ്യം/ബിയർ ഏതെങ്കിലും ഗവൺമെന്റ് ലബോറട്ടറിയിൽ പരിശോധിച്ച് 'ഫിറ്റ് ഫോർ ഹ്യൂമൻ കൺസംഷൻ' എന്ന സർട്ടിഫിക്കറ്റ് നൽകിയാൽ മാത്രമേ കോർപ്പറേഷൻ അതിന്റെ വിൽപ്പന നടത്താറുള്ളൂ. കൂടാതെ ഇടക്കിടെ സാമ്പിളുകൾ എടുത്ത് കോർപ്പറേഷൻ തന്നെ കേരള ചീഫ് കെമിക്കൽ ലബോറട്ടറിയിൽ പരിശോധന നടത്തിച്ച് നിലവാരം ഉറപ്പുവരുത്തുകയും നിലവാരം ഇല്ലാത്തവയുടെ വില്പന നിർത്തിവയ്ക്കുകയും ചെയ്യുന്നു. കോർപ്പറേഷൻ വാങ്ങുന്ന മദ്യത്തിന്റെ കൂടെ ഡിസ്റ്റിലറിയുടെ ചീഫ് എക്സിക്യൂട്ടീവ് ആഫീസറുടെ 'ഇ.എൻ.എ. യൂണിറ്റ് സർട്ടിഫിക്കറ്റ്'- ഉം നിർബന്ധമാക്കാറുണ്ട്. വിതരണം ചെയ്യുന്നവരുടെ ഡിസ്റ്റിലറികൾ കോർപ്പറേഷൻ ഉദ്യോഗസ്ഥന്മാർ കൂടെ കൂടെ പരിശോധിക്കാറുമുണ്ട്.

വായ്പാ നിക്ഷേപ അനുപാതം

10 (*70) ശ്രീ. ഇ. എം. അഗസ്തി :
ശ്രീ. പി. ജെ. ഫ്രാൻസിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ വായ്പാ നിക്ഷേപ അനുപാതം ഇപ്പോൾ എത്രയാണ് ;

(ബി) അയൽ സംസ്ഥാനങ്ങളിൽ ഇതെത്ര വീതമാണെന്ന് അറിയിക്കുമോ ;

(സി) കേരളത്തിൽ വായ്പ നിക്ഷേപ അനുപാതം കുറയുന്നതിനുള്ള കാരണങ്ങൾ എന്തെല്ലാമാണ് ;

(ഡി) ഇവയ്ക്ക് പരിഹാരം ഉണ്ടാക്കുവാൻ ഗവൺമെന്റ് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) :

(എ) 2000 സെപ്റ്റംബർ അവസാനം വരെയുള്ള കണക്കനുസരിച്ച് കേരളത്തിലെ ബാങ്കുകളിലെ വായ്പ നിക്ഷേപ അനുപാതം 42.53 ആയിരുന്നു.

(ബി) 2000 സെപ്റ്റംബർ അവസാനം വരെയുള്ള കണക്കനുസരിച്ച് അയൽ സംസ്ഥാനങ്ങളിലെ വായ്പ നിക്ഷേപ അനുപാതം ചുവടെ ചേർക്കുന്നു.

സംസ്ഥാനം	വായ്പാനിക്ഷേപ അനുപാതം
തമിഴ്നാട്	89.02
കർണ്ണാടക	80.36
ആന്ധ്രാപ്രദേശ്	64.75

(സി) സംസ്ഥാനത്തെ വിവിധ വികസന മേഖലകളിൽ നടപ്പാക്കേണ്ട പദ്ധതികൾക്ക് യഥാസമയം വായ്പ നൽകാൻ ചില ബാങ്കുകൾ തയ്യാറാകാത്തതും കേരളത്തിലെ വ്യാവസായിക, സേവന മേഖലകളിൽ വേണ്ടത്ര നിക്ഷേപ സാദ്ധ്യത ഇല്ലെന്നും വ്യവസായ സംരംഭകർക്ക് മുതൽ മുടക്കാനുള്ള ആശങ്ക എന്നിവയുമാണ് വായ്പാനിക്ഷേപ അനുപാതം കുറയുവാനുള്ള കാരണങ്ങളായി ചൂണ്ടിക്കാണിക്കപ്പെടുന്നത്.

(ഡി) സംസ്ഥാനത്തെ ബാങ്കുകളിലെ വായ്പാനിക്ഷേപ അനുപാതം കുറയുന്നത് തടയാനും ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കാനും സർക്കാർ ഒട്ടേറെ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

(വിശദാംശങ്ങൾ അനുബന്ധമായി വച്ചിട്ടുണ്ട്) †

ആർട്ടിക്കിൾ 275 പ്രകാരമുള്ള സാമ്പത്തിക പ്രശ്നങ്ങൾ

11 (*71) ഡോ. എം. എ. കുട്ടപ്പൻ :
ശ്രീ. കെ. സി. വേണുഗോപാൽ :
ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമ്പത്തിക പരിഷ്ക്കാരത്തിൽ കാണിക്കുന്ന പുരോഗതിയുമായി ബന്ധപ്പെടുത്തി മാത്രമേ ആർട്ടിക്കിൾ 275 പ്രകാരമുള്ള സാമ്പത്തിക സഹായങ്ങൾ നൽകുകയുള്ളൂ എന്ന് കേന്ദ്ര ഗവൺമെന്റ് തീരുമാനമെടുത്തിട്ടുണ്ടോ ;

(ബി) സംസ്ഥാന ഗവൺമെന്റ് സാമ്പത്തിക പരിഷ്ക്കാര രംഗത്ത് എന്തെല്ലാം നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട് ;

(സി) കേന്ദ്ര ഗവൺമെന്റിന്റെ ഈ പുതിയ തീരുമാനം സംസ്ഥാനത്തെ എപ്രകാരം ബാധിക്കുമെന്ന് പറയുമോ ?

---

† അനുബന്ധം I

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം- I

10 (*70) - ാം നമ്പർ ചോദ്യം കാണുക.

കേരളത്തിലെ ബാങ്കുകളുടെ വായ്പ നിക്ഷേപ അനുപാതം കുറഞ്ഞു വരുന്നത് തടയാനും അനുപാതം മെച്ചപ്പെടുത്തുന്നതിനുമായി പല നടപടികളും കൈക്കൊണ്ടിട്ടുണ്ട്. സ്റ്റേറ്റ് ലവൽ ബാങ്കേഴ്സ് കമ്മിറ്റി മീറ്റിംഗ് കൂടുമ്പോൾ ബാങ്കുകളുടെ വായ്പ നിക്ഷേപ അനുപാതം വർദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യകത ബാങ്കുകളെ ബോദ്ധ്യപ്പെടുത്താറുണ്ട്. സംസ്ഥാനം ആവശ്യപ്പെട്ടതനുസരിച്ച് കേരളത്തിലെ ബാങ്കുകളുടെ വായ്പ നിക്ഷേപ അനുപാതം താഴ്ന്നുവരുന്ന സാഹചര്യത്തിൽ അതിനേക്കുറിച്ച് പഠിച്ച് റിപ്പോർട്ട് നൽകുവാൻ ഡി.ഡി. ആവാതി ചെയർമാനായി റിസർവ്വ് ബാങ്ക് ഒരു കമ്മിറ്റിയെ നിയമിച്ചു. ഈ കമ്മിറ്റി, 2000-2001-ൽ കേരളത്തിലെ മൊത്തം ബാങ്കുകളുടെ വായ്പാ നിക്ഷേപ അനുപാതം 60 ശതമാനമാകണമെങ്കിൽ ഓരോ വർഷവും ഓരോ ബാങ്കും കൈവരിക്കേണ്ട വായ്പ നിക്ഷേപ അനുപാതം എന്തായിരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. സംസ്ഥാനതല ബാങ്കേഴ്സ് കമ്മിറ്റി മീറ്റിംഗ് കൂടുമ്പോൾ പ്രസ്തുത നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഓരോ ബാങ്കിന്റെയും വായ്പ നിക്ഷേപ അനുപാതം വിലയിരുത്തി വരുന്നു. വായ്പ നിക്ഷേപ അനുപാതം ഉയർത്തുന്നതിനുവേണ്ടി 10-12-1998-ലും 17-7-1999-ലും ധനകാര്യ മന്ത്രിയും, 30-7-1999-ൽ ധനകാര്യവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയും കേരളത്തിലെ പ്രധാന ബാങ്കുകളുമായി ചർച്ച നടത്തുകയുണ്ടായി. 28-12-1999-ൽ വികസന പ്രവർത്തനങ്ങൾ നടത്തുന്ന കാര്യത്തിൽ സർക്കാർ വകുപ്പുകളും ബാങ്കുകളും നേരിടുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്ത് പരിഹാരം കാണുന്നതിനുവേണ്ടി മന്ത്രിമാരേയും ജനപ്രതിനിധികളെയും ഉദ്യോഗസ്ഥന്മാരെയും ബാങ്ക് പ്രതിനിധികളെയും ഉൾപ്പെടുത്തി ഒരു കോ-ഓർഡിനേഷൻ കമ്മിറ്റിയും സർക്കാർ രൂപീകരിച്ചു. മുഖ്യമന്ത്രിയാണ് ഈ കമ്മിറ്റിയുടെ ചെയർമാൻ. ഇതിനെല്ലാം ഉപരിയായി ജനകീയാസൂത്രണ പ്രോജക്ടുകൾ തയ്യാറാക്കുമ്പോൾ ബാങ്കുകളുമായി ചർച്ച ചെയ്ത്, ബാങ്ക് വായ്പ ലഭ്യമാക്കത്തക്ക തരത്തിൽ പ്രോജക്ടുകൾ തയ്യാറാക്കണമെന്ന് തദ്ദേശസ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകുകയും, തദ്ദേശ സ്ഥാപനങ്ങളുമായി സമ്പർക്കം പുലർത്തി അവയുടെ പദ്ധതി രൂപീകരണത്തിലും നിർവഹണത്തിലും സഹായിക്കണമെന്ന് ബാങ്കുകളോട് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly